ഓൺലൈൻ ലോട്ടറിക്കാരിൽ നിന്നുള്ള നികുതി

27 (3236) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാൻ ഇന്ത്യാ നെറ്റ്വർക്ക് ഇൻഫ്രാവെസ്റ്റ് പ്രൈവറ്റ് ലിമിറ്റഡ് ഹൈക്കോടിതിയിൽ സമർപ്പിച്ച എം.എഫ്.എ. 106/2004-ൽ ഹൈക്കോടതി 21-12-2004-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓൺലൈൻ ലോട്ടറിക്കാരിൽ നിന്നും നികുതി പിരിച്ചെടുക്കുന്നത് സംബന്ധിച്ച് വാണിജ്യനികുതി കമ്മീഷണർ നൽകിയ വിശദീകരണം അംഗീകരിച്ചിട്ടുണ്ടോ ;

(ബി) വാണിജ്യ നികുതി കമ്മീഷണർ നൽകിയ വിശദീകരണത്തിന്റെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ ;

(സി) ഭാഗ്യക്കുറി വകുപ്പ് നികുതി കുടിശ്ശികയെ സംബന്ധിച്ച് കണക്കാക്കിയ തുക എത്രയാണ് ;

(ഡി) ഹൈക്കോടതിയിലെ എം.എഫ്.എ. 106/2004 കേസുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാമാർശം ഭാഗ്യക്കുറി വകുപ്പ് തയ്യാറാക്കിയ കണക്കിനെക്കുറിച്ച് ഉണ്ടായിട്ടുണ്ടോ ;

(ഇ) ഭാഗ്യക്കുറി വകുപ്പിന് നികുതി കുടിശ്ശിക കണക്കാക്കാനും സർക്കാരിനെ അറിയിക്കുവാനും എന്തെങ്കിലും തടസ്സമുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 29-3-2004-ലെ സി3. 8612/04/സി.ടി. എന്ന ഉത്തരവനുസരിച്ച് കമ്മീഷണർ നൽകിയ വിശദീകരണ പ്രകാരം ഓൺലൈൻ ലോട്ടറി വിൽപ്പനക്കാരുടെ എല്ലാ റീട്ടെയിൽ ഔട്ട്ലെറ്റുകളും രജിസ്ട്രേഷൻ എടുക്കുവാനും വിൽപ്പന നികുതി അടയ്ക്കുവാനും ബാധ്യസ്ഥരാണ്. ടി വിശദീകരണപ്രകാരം ഓൺലൈൻ ലോട്ടറി വ്യാപാരികൾക്ക് കേരള പൊതുവിൽപ്പന നികുതി നിയമം വകുപ്പ് 5(1) പ്രകാരം നികുതിയോ, വകുപ്പ് 5 ബി.എ. പ്രകാരം ലൈസൻസ് ഫീസോ അടയ്ക്കാവുന്നതാണ്.

(സി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ഡി) ഉണ്ടായതായി അറിവില്ല.

(ഇ) നികുതി കുടിശ്ശിക നിർണ്ണയിക്കാനുള്ള അധികാരം ഭാഗ്യക്കുറി വകുപ്പിനല്ല. നികുതി നിർണ്ണയിക്കാനും അതു പിരിച്ചെടുക്കാനുമുള്ള അധികാരം വില്പന നികുതി വകുപ്പിനാണ്. നികുതി കുടിശ്ശിക കണക്കാക്കാൻ ഭാഗ്യക്കുറി വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly